പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2137 12.2.2013 ൽ മറുപടിക്ക്**

**സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. എ.റ്റി. ജോർജ്**<br>**ശ്രീ. ആർ. സെൽവരാജ്**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ** | **തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) സംസ്ഥാന സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന ഏജൻസി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ്;<br>സി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;<br>ഡി) ഏജൻസിയുടെ രൂപീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (എയും, ബിയും, സിയും, ഡിയും)<br>ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16.02.2011 ൽ പുറപ്പെടുവിച്ച WP(C) നം. 685/2011 ന്റെ വിധിന്യായത്തിൽ ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ആക്റ്റ്, 1946 മാതൃകയിൽ സംസ്ഥാനത്തെ പോലീസ് സേനയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ' എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ആലോചന നടത്തുവാനും അനുയോജ്യ പരിഹാര നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ക്രമസമാധാനവും കേസന്വേഷണവും വേർതിരിക്കണമെന്നുള്ള ബഹു: സുപ്രീം കോടതിയുടെയും, ബഹു: ഹൈക്കോടതിയുടെയും നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരവും, |

| | |
|---|---|
| | പ്രായോഗികവും, സാമ്പത്തികവുമായ വിശദാംശങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കമ്മീഷനായി ശ്രീ. കെ.ജി. പ്രേംശങ്കർ, ഐ.പി.എസിനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ